(ബി) ഇല്ല. സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ ക്ഷമതയുള്ള 2 സെർവറുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ ആധാര രജിസ്ട്രേഷനിൽ കുറവ് സംഭവിച്ചിട്ടില്ല.

(ഡി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനം പരിശോധിച്ചതിൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ വരുമാനത്തിൽ കുറവുവന്നതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ്		ഓൺലൈൻ പദ്ധതി നടപ്പിലാക്കിയതിന് ശേഷം	
കാലയളവ്	വരുമാനം	കാലയളവ്	വരുമാനം
2014 ഡിസംബർ	193.29 കോടി രൂപ	2015 ഡിസംബർ	210.93 കോടി രൂപ
2015 ജനുവരി	207.62 കോടി രൂപ	2016 ജനുവരി	216.28 കോടി രൂപ

(ഇ) പ്രാരംഭ ഘട്ടത്തിലുണ്ടായ ചില സാങ്കേതിക തടസ്സങ്ങളൊഴിച്ചാൽ പൊതുജനത്തിന് സുതാര്യമായ ഈ സംവിധാനം പ്രയോജനകരമാകുന്നതാണ്. ഇതുമൂലം സർക്കാരിന് റവന്യൂ വരുമാനത്തിൽ കുറവു വന്നതായി കാണുന്നില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എയ്ഡഡ് കോളേജുകൾ

1(1042) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഏതൊക്കെ മാനേജ്മെന്റുകൾക്കാണ് കോളേജ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത കോളേജുകളിലേയ്ക്കായി എത്ര തസ്തികകൾ അനുവദിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം കൂടി പ്രതിവർഷം എത്ര രൂപ അധികച്ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

GPM. 2/239/2020-10

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 4 എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്.

1. മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി, മലപ്പുറം, വേങ്ങര
2. കെ.പി.എം.എസ്., കുര്യാട്ടുമല, കൊല്ലം
3. പി.ആർ.ഡി.എസ്., അമര, ചങ്ങനാശ്ശേരി, കോട്ടയം
4. ഇന്ദിരാഗാന്ധി മെമ്മോറിയൽ സൊസൈറ്റി, വണ്ടൂർ, മലപ്പുറം

(ബി) അനുവദിച്ച 4 എയ്ഡഡ് കോളേജുകളിൽ മലബാർ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് അനുവദിച്ച മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന കോളേജിന് 23 അദ്ധ്യാപക തസ്തികകളും 8 അനദ്ധ്യാപക തസ്തികകളും, വണ്ടൂർ അംബേദ്കർ കോളേജ് ഓഫ് ആർട്സ് & സയൻസിന് പ്രിൻസിപ്പാളടക്കം 8 അദ്ധ്യാപക തസ്തികകളും 7 അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാംകൂടി 1,93,35,774 രൂപ (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റി എഴുപത്തിനാല് രൂപ) പ്രതിവർഷം അധികച്ചെലവ് വരും.

കെ-സാക് ചെയർമാനായി ശ്രീ. പി. അൻവറിനെ നിയമിച്ച നടപടി

2 (1043) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈസ് ചാൻസലർ പദവിയുള്ള, സംസ്ഥാന അക്രഡിറ്റേഷൻ കൗൺസിലിന്റെ (കെ-സാക്) ചെയർമാനായി നിയമിക്കപ്പെടേണ്ടവരുടെ യോഗ്യതകൾ എന്തെല്ലാമെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ചീഫ് സെക്രട്ടറിയുടെ എതിർപ്പ് തള്ളി മുൻ ഗ്രാമപഞ്ചായത്തംഗമായ ശ്രീ. പി. അൻവറിനെ നിയമിക്കാനുള്ള തീരുമാനം ഹൈക്കോടതി സ്റ്റേ ചെയ്യുവാനുള്ള കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിക്കു വേണ്ട യോഗ്യതകൾ എന്തെല്ലാം; പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കാൻ ശ്രീ. പി. അൻവറിനുണ്ടായിരുന്ന യോഗ്യതകൾ എന്തെല്ലാം; വ്യക്തമാക്കുമോ;